STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.524/PR/SPMC/PHQ/2021 Date :19.11.2021

## പീഡനക്കേസിൽ ഇൻറർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ച കാസർഗോഡ് സ്വദേശി പിടിയിൽ

കാസർഗോഡ് ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ത്രീയെ പീഡിപ്പിച്ച ശേഷം വിദേശത്തേക്ക് കടന്നയാളെ ഇന്റർപോളിന്റെ സഹായത്തോടെ ഹോസ്ദുർഗ് പോലീസ് പിടികൂടി. കലയറ അറയങ്ങാടി സ്വദേശി മുസഫറലി മടമ്പിലത്ത്(23) ആണ് പോലീസ് പിടിയിലായത്. 2018 ൽ കുറ്റകൃത്യം നടത്തിയ ശേഷം വിദേശത്തേക്ക് കടന്ന ഇയാൾക്കായി ഇന്റർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇയാൾ യു.എ.ഇ പോലീസിന്റെ പിടിയിലായ വിവരം സ്റ്റേറ്റ് ഇന്റർപോൾ ലെയിസൺ ഓഫീസർ കൂടിയായ ഐ.ജി സ്പർജൻകുമാറിനെ അറിയിച്ചതോടെയാണ് അറസ്റ്റിന് വഴി തെളിഞ്ഞത്. ഇന്ത്യൻ കോൺസുലേറ്റ് വഴി ന്യൂഡെൽഹിയിൽ എത്തിച്ച ഇയാളെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ശ്രീജേഷ്.കെയുടെ നേതൃത്വത്തിലുള്ള സംഘം ന്യൂഡെൽഹിയിലെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു.

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ആരംഭിച്ച ഇന്റർനാഷണൽ ഇൻവെസ്റ്റിഗേഷൻ കോ ഓർഡിനേഷൻ ടീമാണ് കുറ്റകൃത്യം നടത്തി വിദേശത്തേക്ക് കടക്കുന്നവർക്കെതിരെ റെഡ്നോട്ടീസ് പുറപ്പെടുവിക്കുന്നത്. ക്രൈംബ്രാഞ്ച് എ.ഡി.ജി.പി എസ്. ശ്രീജിത്തിനാണ് ടീമിന്റെ മേൽനോട്ടം.

*******************

*******************